"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ല വിതുര ഗ്രാമപഞ്ചായത്ത് ഓഫീസ് ക്ലാർക്ക് ശ്രീമതി.രാജി മോൾ ജി ഒ - യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച്-ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1441/2026/LSGD തീയതി,തിരുവനന്തപുരം, 05-08-2026

---

പരാമർശം:-

1. തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 30.01.2019ലെ E3-6688/14 നമ്പർ നിയമന ഉത്തരവ്.
2. തിരുവനന്തപുരം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 15.10.2024ലെ 6312/2023/H1/LSGD/JD/TVM നമ്പർ നടപടിക്രമം.
3. തദ്ദേശസ്വയംഭരണ വകുപ്പ് തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 25.04.2025ലെ LSGD/JD/TVM/1818/2025-A4 നമ്പർ നടപടിക്രമം.
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.07.2025ലെ LSGD/PD/33592/2024-DEC3 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ വിതുര ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീമതി.രാജി മോൾ ജി ഒ - യുടെ പ്രൊബേഷൻ കാലയളവ് 21.03.2022 മുതൽ 24.11.2022 വരെ ദീർഘിപ്പിക്കുന്നതിന് പരാമർശം (4) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള ശിപാർശ ലഭ്യമാക്കിയിട്ടുണ്ട്.

2.പരാമർശം (1) പ്രകാരം 31.01.2019 തീയതിയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.രാജിമോൾ ഒ യുടെ നിയമനം പരാമർശം (3) പ്രകാരം ക്രമവൽകരിച്ചിട്ടുണ്ട്. ടിയാൾ നിരീക്ഷണ കാലയളവിനുള്ളിൽ 49 അവധി ദിനങ്ങൾ ഉപയുക്തമാക്കിയിട്ടുണ്ട്. ആയതിനാൽ നിരീക്ഷണ കാലം 20.03.2021 തീയതിയിൽ സ്വാഭാവികമായും പൂർത്തിയാകുന്നു. ടിയാൾ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിന് ആവശ്യമായ വകുപ്പുതല പരീക്ഷ യഥാസമയം വിജയിക്കാത്തതിനാൽ, 21.03.2021 മുതൽ 20.03.2022 വരെയുള്ള ഒരു വർഷത്തേക്ക് പരാമർശം (2) പ്രകാരം ടിയാളുടെ നിരീക്ഷണ കാലയളവ് ദീർഘിപ്പിച്ചിട്ടുണ്ട്. ശ്രീമതി, രാജിമോൾ ജി ഒ- ന്റെ പേരിൽ വിജിലൻസ് കേസുകളോ അച്ചടക്ക നടപടികളോ നിലവിലില്ലായെന്നും ടിയാളുടെ സ്വഭാവവും പ്രവൃത്തിയും തൃപ്തികരമാണെന്ന് വിതുര ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ടിയാൾ 22.11.2022 തീയതിയിൽ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനാവശ്യമായ വകുപ്പുതല പരീക്ഷ വിജയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (4) പ്രകാരമുള്ള ശിപാർശ പരിഗണിച്ച് 22.11.2022 ൽ എം ഒ പി പരീക്ഷ

പാസ്സായ തിരുവനന്തപുരം ജില്ലയിലെ വിതുര ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീമതി.രാജി മോൾ ജി ഒ - യുടെ പ്രൊബേഷൻ 23.11.2022 തീയതി പ്രാബല്യത്തിൽ നിയമനാധികാരിക്ക് പ്രഖ്യാപിക്കുന്നതിനായി ടിയാളുടെ പ്രൊബേഷൻ കാലയളവ് KS&SSRs Part II ചട്ടം 21 -ലെ വ്യവസ്ഥകൾക്ക് വിധേയമായി 21.03.2022 മുതൽ 24.11.2022 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.കെ അനിൽ ജോയ്
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം.
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ.
3.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , തിരുവനന്തപുരം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
4.സെക്രട്ടറി,വിതുര ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
5.ശ്രീമതി.രാജി മോൾ ജി ഒ , ക്ലർക്ക് , വിതുര ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
6.ഡയറക്ടർ . ഐ കെ എം.
7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ).
8.കരുതൽ ഫയൽ (ഫയൽ നം.169/ഇപിഎ1/2025-എൽഎസ്ജിഡി.

ഉത്തരവിൻ പ്രകാരം
Digitally signed by
Noushad. S
Date: 05-08-2026
17:48:37
സെക്ഷൻ ഓഫീസർ